ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരുടെ നിയമനം

66 (2189) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 14 ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ ഏതെല്ലാം വകുപ്പുകളിലുള്ളവരാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ പഞ്ചായത്ത് വകുപ്പിൽ നിന്നും പ്രൊമോഷൻവഴി നിയമിച്ചവർ ആരൊക്കെയെന്ന് വ്യക്തമാക്കാമോ ;

(സി) പഞ്ചായത്ത് വകുപ്പിൽ ജോയിന്റ് ഡയറക്ടർ തസ്തികയിലുള്ളവരെ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരായി നിയമിച്ചിരുന്നോ ;

(ഡി) ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരുടെ നിയമനത്തിൽ പഞ്ചായത്ത് വകുപ്പ് ജീവനക്കാരെക്കൂടി പരിഗണിക്കുന്നത് സംബന്ധമായ ഫയൽ നിലവിലുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അത് എന്നത്തേക്ക് തീർപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നിലവിൽ 8 ജില്ലാ പഞ്ചായത്തുകളിൽ സ്ഥിരം സെക്രട്ടറിമാരും 6 ജില്ലാ പഞ്ചായത്തുകളിൽ സെക്രട്ടറിയുടെ അധികച്ചുമതല വഹിക്കുന്നവരുമാണുള്ളത്. രണ്ട് ഐ.എ.എസ് ഉദ്യോഗസ്ഥരും ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഒരു അഡീഷണൽ സെക്രട്ടറിയും ധനകാര്യ സെക്രട്ടറിയേറ്റിലെ ഒരു ജോയിന്റ് സെക്രട്ടറിയും ഗ്രാമ വികസന വകുപ്പിലെ 2 ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർമാരും, പഞ്ചായത്ത് വകുപ്പിലെ ഒരു ജോയിന്റ് ഡയറക്ടറും സംസ്ഥാന പ്ലാനിംഗ് ബോർഡിലെ ഒരു ജോയിന്റ് ഡയറക്ടറും സെക്രട്ടറിമാരായി പ്രവർത്തിക്കുന്നു.

3 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ഒരു പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറും 2 ജില്ലാ ഗ്രാമവികസന ഏജൻസി പ്രോജക്ട് ഓഫീസർമാരും സെക്രട്ടറിമാരുടെ അധികച്ചുമതല വഹിക്കുന്നു.

(ബി) പ്രൊമോഷൻവഴി ആരെയും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയായി നിയമിച്ചിട്ടില്ല.

(സി) നിയമിച്ചിരുന്നു.

(ഡി) പ്രത്യേകമായി ഇല്ല. എന്നാൽ സെക്രട്ടറിയേറ്റിലെ ഡെപ്യൂട്ടി സെക്രട്ടറിമാരിൽ നിന്നും മറ്റു വികസന വകുപ്പുകളിലെ തത്തുല്യ റാങ്കിലുള്ള ഉദ്യോഗസ്ഥരിൽ നിന്നും അപേക്ഷ ക്ഷണിച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരായി നിയമിക്കപ്പെടാൻ അർഹതയുള്ളവരുടെ ഒരു പാനൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly